കൊലപാതകങ്ങൾ.

* 244. [40] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസ്റ്റേറ്റിൽ 1963-64 വർഷത്തിൽ ഡിസംബർ അവസാനം വരെ നടന്ന കൊലപാതകങ്ങൾ എത്ര ;

(ബി) ഇവയിൽ എത്രയെണ്ണം തെളിവില്ലാതെ കേസ്സുകൾ തള്ളിക്കളഞ്ഞു; എത്രയെണ്ണത്തിൽ പോലീസ് കേസ്സ് ചാർജ്ജുചെയ്തു; അതിൽ എത്രയെണ്ണം ശിക്ഷിച്ചു;

(സി) പാലക്കാട്ടു ജില്ലയിലെ പൊരശ്ശേരി കൊലക്കേസ്സ് എന്നറിയപ്പെടുന്ന കേസ്സ് പാലക്കാട് സെഷൻസ് ജഡ്ജി, പോലീസ് കേസ്സ് തെളിയിക്കാനാവശ്യമായതു ചെയ്തില്ലെന്നു പറഞ്ഞു തള്ളിയോ ;

(ഡി) എങ്കിൽ പോലീസിന്റെ അനാസ്ഥ എന്തായിരുന്നു എന്നു അന്വേഷിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) 152 (1-4-63 മുതൽ 31-12-63 വരെ)

(ബി) എല്ലാ കേസ്സുകളും രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തുകയുംചെയ്തു. രണ്ടെണ്ണം തെളിവില്ലാത്തതിനാൽ റഫർചെയ്തു. 132 കേസ്സുകളും ചാർജ്ജുചെയ്യുകയും അവയിൽ 68 എണ്ണം ശിക്ഷിക്കപ്പെടുകയുംചെയ്തു.

(സി) തള്ളി.

(ഡി) അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവു്.

* 245. [42] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരി, പഞ്ചസാര മുതലായ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവു തടയാൻ സർക്കാരിൽനിന്നും എന്തെല്ലാം നടപടികളാണു് അംഗീകരിച്ചിരിക്കുന്നതു്;

(ബി) കേരളത്തിൽ ആവശ്യത്തിനനുസരിച്ചു് ഇന്നു പഞ്ചസാരവിതരണം ചെയ്യുന്നുണ്ടോ ;

(സി) പഞ്ചസാരവിതരണം ന്യായവിലഷാപ്പുകളിൽ കൂടെയല്ലാതെ നടത്തുന്നുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്):

(എ) അരിയുടേയും പഞ്ചസാരയുടേയും വിലവർദ്ധനവു തടയാൻ ഗവണ്മെന്റിൽനിന്നും ഈ സാധനങ്ങളും ന്യായവിലഷാപ്പുകളും മുഖേന ഒരു നിശ്ചിത അളവിനും വിലയ്ക്കും ഉപഭോക്താക്കൾക്കു് വിതരണം ചെയ്യുന്നുണ്ടു്.

(ബി) 1961 സെപ്റ്റംബർ മാസാവസാനത്തിൽ കേന്ദ്രഗവണ്മെന്റു് കേരളത്തിലേയ്ക്കു് അനുവദിച്ച നിരക്കിൽ ഇപ്പോഴും പ്രതിമാസം 6,000 ടൺ പഞ്ചസാര അനുവദിക്കുന്നുണ്ടു്. ഇതുകൂടാതെ പഞ്ചസാര കഴിയുന്നതും ന്യായമായ രീതിയിൽ വിതരണംചെയ്യുന്നുണ്ടു്. ഭൂരിപക്ഷം ജനങ്ങൾക്കും അവരുടെ ചുരുങ്ങിയ ആവശ്യം ഇതുകൊണ്ടു് നിറവേറ്റാവുന്നതാണു്.

(സി) ഇല്ല.

പോലീസ് നായ്ക്കൾ.

* 246. [45] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly